4495
29/09

# കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നാദാപുരം ഗ്രാമപഞ്ചായത്ത് - കക്കംവെള്ളി - കാരേകുന്നത്ത് റോഡ് വീതി കൂട്ടൽ - നാദാപുരം വില്ലേജിൽ കക്കംവെള്ളി ദേശത്ത് റീസർവ്വേ 19/08-ൽപ്പെട്ട 4.81 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

## തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ) 3383/2008/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, സെപ്തംബർ16, 2008.

പരാമർശം:
1. നാദാപുരം ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 12-02-2008-ലെ 19/08, 03-03-2008-ലെ 39(14)/08 -ാം നമ്പർ തീരുമാനങ്ങൾ.
2. നാദാപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 11-03-2008-ലെ അപേക്ഷ.
3. പഞ്ചായത്ത് ഡയറക്ടറുടെ 28-08-2008-ലെ സി.2-15477/08 നമ്പർ കത്ത്.

### ഉത്തരവ്

കോഴിക്കോട് ജില്ലയിലെ നാദാപുരം ഗ്രാമപഞ്ചായത്ത് കക്കംവെള്ളി - കാരേരി - കുന്നത്ത് - മലോഞ്ചാൽ വഴി വില്യാപ്പള്ളി റോഡിൽ എത്തിച്ചേരുന്ന കക്കംവെള്ളി മലോഞ്ചാൽ എന്നുകൂടി പറയപ്പെടുന്ന കക്കംവെള്ളി - കാരേകുന്നത്ത് റോഡ് വീതി കൂട്ടുന്നതിനുള്ള പ്രവൃത്തികൾ ജനകീയാസൂത്രണം 2-ാം ഘട്ടത്തിലുൾപ്പെടുത്തി സ്പില്ലോവറായി ഈ വർഷം നടപ്പാക്കുന്ന സാഹചര്യത്തിൽ, ഇതിനായി വടകര താലൂക്കിൽ നാദാപുരം വില്ലേജിൽ കക്കംവെള്ളി ദേശത്ത് റീസർവ്വേ നമ്പർ 19/08-ൽപ്പെട്ടതും മേലാം വീട്ടിൽ ശ്രീ.മമ്മു, ഭാര്യ പീടികകണ്ടിയിൽ ശ്രീമതി.ആമി എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ ചെട്ട്യം വീട്ടിൽ എന്ന പറമ്പിൽപ്പെട്ട ഭൂമിയിൽ നിന്നും 4.81 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും ആയതിലേക്ക് അനുമതിയ്ക്കായി പരാമർശം (2) പ്രകാരം അപേക്ഷിക്കുകയും ചെയ്തു. പ്രസ്തുത റോഡ് PMGSY നെറ്റ് വർക്കിൽ ഉൾപ്പെടുന്നതാണെന്നും സ്ഥലം അക്വിസിഷനായി 2,40,500/- രൂപ നീക്കി വച്ചിട്ടുണ്ടെന്നും നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2. നാദാപുരം ഗ്രാമപഞ്ചായത്തിന്റെ പരാമർശം (1)-ലെ തീരുമാനങ്ങളുടേയും പരാമർശം (2) -ലെ അപേക്ഷയുടേയും പഞ്ചായത്ത് ഡയറക്ടറുടെ

(മറുപുറം)

പരാമർശം (3)-ലെ ശുപാർശയുടേയും അടിസ്ഥാനത്തിൽ കക്കംവെള്ളി - കാരേകുന്നത്ത് റോഡ് വീതി കൂട്ടുന്നതിനായി വടകര താലൂക്കിൽ നാദാപുരം വില്ലേജിൽ കക്കംവെള്ളി ദേശത്ത് റീസർവ്വേ നമ്പർ 19/08-ൽപ്പെട്ടതും മേലാം വീട്ടിൽ ശ്രീ.മമ്മു, ഭാര്യ പീടികകണ്ടിയിൽ ശ്രീമതി.ആമി എന്നിവരുടെ ഉടമസ്ഥതയിലുള്ളതുമായ ചെട്ട്യം വീട്ടിൽ എന്ന പറമ്പിൽപ്പെട്ട 4.81 സെന്റ് സ്ഥലം അർജൻസി ക്ലോസിൽ അക്വയർ ചെയ്യുന്നതിന് താഴെ പറയുന്ന നിബന്ധനകളുടെയടിസ്ഥാനത്തിൽ നാദാപുരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) അക്വിസിഷൻ സംബന്ധമായി 2000-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിലെ വ്യവസ്ഥകറം കർശനമായി പാലിച്ചിരിക്കേണ്ടതാണ്;

(ii) അക്വിസിഷനാവശ്യമായ തുകയുടെ 80% മുൻകൂറായി ബന്ധപ്പെട്ട ജില്ലാ കളക്ടർ മുമ്പാകെ ഒടുക്കേണ്ടതാണ്;

(iii) ഇത് സംബന്ധമായി സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാദ്ധ്യതയോ വ്യവഹാരങ്ങളിൽ ബാദ്ധ്യതയോ ഉണ്ടായിരിക്കുന്നതല്ല.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

കെ.മധുസൂദനൻ പിള്ള,
അണ്ടർ സെക്രട്ടറി.

To

സെക്രട്ടറി/പ്രസിഡന്റ്, നാദാപുരം ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.

ജില്ലാ കളക്ടർ, കോഴിക്കോട്.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (വെബ് സൈറ്റിലും മറ്റും പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Radha

സെക്ഷൻ ഓഫീസർ.